"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

തൈക്കാട്, തിരുവനന്തപുരം- 14

## ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം
(ഹാജർ: കെ.ബിജു.ഐ.എ.എസ്.)

എ3/14609/11 തീയതി:18.05.2013

വിഷയം:-വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം - എ.എച്ച്.എസ്. തസ്തികയിലെ സ്ഥലംമാറ്റം - ഉത്തരവ് പുറപ്പെടുവിയ്ക്കുന്നത് - സംബന്ധിച്ച്.

പരാമർശം:- 1. എ3/14609/11-ാം നമ്പർ 07.12.11-ലെ നടപടിക്രമം.

2. ട്രെയിനിംഗ് ഡയറക്ടറുടെ 18.05.13-ലെ നിർദ്ദേശം.

-------------

പരാമർശം (1) -ലെ ഉത്തരവ് പ്രകാരം ധനുവച്ചപുരം ഐ.ടി.ഐ.യിലെ എ.എച്ച്.എസ്. ആയിരുന്ന ശ്രീ. ഗണേശൻ പിള്ളയെ ചാക്ക ഐ.ടി.ഐ.യിലേയ്ക്ക് സ്ഥലംമാറ്റുകയും ഹോസ്റ്റലിന്റെ പ്രവർത്തനം ഉടൻ തന്നെ തുടങ്ങണമെന്ന നിർദ്ദേശം നൽകുകയും ചെയ്യുകയുണ്ടായി. എ3/14604/11-ാം നമ്പർ 02.01.12-ലെ നടപടിക്രമപ്രകാരം ചാക്ക ഐ.ടി.ഐ.യിൽ സ്ഥിതി ചെയ്യുന്ന എ.വി.റ്റി.എസ്.-ന്റെ താഴത്തെ നിലയിൽ ഹോസ്റ്റൽ പ്രവർത്തിയ്ക്കാൻ അനുവാദം നൽകുകയും ചെയ്തിരുന്നു.

എ.വി.റ്റി.എസ്-ൽ ക്ലാസ്സ് ആരംഭിയ്ക്കുന്നതിന് 2013-14 സാമ്പത്തിക വർഷം തുക അനുവദിച്ചിരിയ്ക്കുന്ന സാഹചര്യത്തിൽ പരാമർശം (2) പ്രകാരമുള്ള ഉത്തരവ് റദ്ദാക്കുകയും ശ്രീ.ഗണേശൻപിള്ള-യെ ചാക്ക ഐ.ടി.ഐ.-യിൽ നിന്നും ധനുവച്ചപുരം ഐ.ടി.ഐ. -യിലേയ്ക്ക് സ്ഥലംമാറ്റി ഉത്തരവ് പുറപ്പെടുവിയ്ക്കുകയും ചെയ്യുന്നു.

ചാക്ക ഐ.ടി.ഐ. പ്രിൻസിപ്പാൾ ടിയാനെ അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതാണ്.

ഒപ്പ്/-
ട്രെയിനിംഗ് ഡയറക്ടർ

ശ്രീ. ഗണേശൻ പിള്ള
എ.എച്ച്.എസ്., ഐ.ടി.ഐ. ചാക്ക

പകർപ്പ് :-1. പ്രിൻസിപ്പാൾ, ഐ.ടി.ഐ. ചാക്ക
2. എസ്.എഫ് (എ3).

// ഉത്തരവിൻ പ്രകാരം //

സീനിയർ സൂപ്രണ്ട്.

J/19/05/2013